1092

# ഒരു ധീരവനിത

അഥവാ

## മാതുല്ലോർ വീട്ടിലെ മാതുക്കുട്ടി.

ഒരു ചരിത്രകഥ

---

32500

NATIONAL BOOK S
SPCS
LTD.
BR. KOTTAYAM

ഗ്രന്ഥകർത്താ:

കെ. ആർ. ഭാസ്കരൻ.

പ്രസാധകന്മാർ:

കേരളഭാനു ബുക്ക് ഡിപ്പോ,
പുതുക്കാട്ട്.

★

നാലാംപതിപ്പ്.

★

തൃശ്ശൂർ,
ആശാൻ പ്രസ്സിൽ
അച്ചടിച്ചതു്.

★

1131. വില 0-6-0.

★

പകർപ്പവകാശം ഗ്രന്ഥകർത്താവിന്നു്

# പ്രസ്താവന.

സാഹിത്യസംബന്ധമായ എന്റെ പ്രഥമോദ്യമമാണിതു്. ഞാൻ ഹൈസ്കൂളിൽ വായിക്കുന്ന കാലത്തു്, സരസനായ ഒരു "വടക്കൻ പാട്ടുകാരൻ" പാടിക്കൊണ്ടിരുന്ന ഈ പാട്ടിൽ എനിക്കു വലിയ രസംതോന്നി. ഞാൻ അതു പകൎത്തിഎടുക്കുകയും, സന്ദർഭോചിതംചില ഭാഗങ്ങൾ കൂട്ടിച്ചേൎക്കുകയും ചെയ്തു. അതാണു് ഈ കഥ. 1101 വൃശ്ചികം 9-ാംനു-യാണു ഞാനിതെഴുതിയതു്.

തദനന്തരം കൊളമ്പിൽനിന്നും പുറപ്പെടുന്ന "മലയാളി"യുടെ രണ്ടു ലക്കങ്ങളിലായി ഈ കഥയുടെ കുറെ ഭാഗങ്ങൾ പ്രസിദ്ധപ്പെടുത്തി. അതു കണ്ടപ്പോൾ എന്റെ ചില മാന്യസ്നേഹിതന്മാർ "ഈ കഥ നന്നായിട്ടുണ്ടെന്നും, അതുകൊണ്ടു് ഇതിനെ പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുന്നതു നന്നായിരിക്കു"മെന്നും എനിക്കെഴുതി. അങ്ങിനെയാണു് ഈ-കഥ പുസ്തകരൂപംകൊണ്ടതു്.

മഹാകവിയും പണ്ഡിതാഗ്രേസരനും സമുദായസ്നേഹിയുമായ ശ്രീമാൻ പള്ളത്തു്രാമൻ അവർകൾ ഇതിൽ എഴുതിച്ചേൎത്തിട്ടുള്ള സരസസമുജ്ജ്വലമായ അവതാരികക്കായി ഞാൻ അദ്ദേഹത്തിനു വളരെ കടപ്പെട്ടിരിക്കുന്നു. ഔദാൎയ്യനിധികളും ഭാഷാഭിമാനികളുമായ മഹാജനങ്ങളുടെ അനുഗ്രഹത്തെ പ്രതീക്ഷിച്ചുകൊണ്ടു് ഈ കൃതിയെ ഞാൻ സഹൃദയസമക്ഷം വിനയപൂൎവ്വം സമൎപ്പിച്ചുകൊള്ളുന്നു.

കെ. ആർ. ഭാസ്കരൻ.

# അവതാരിക

മലനാട്ടിലെ മട്ടും മര്യാദയും നിഴലിച്ചുകാട്ടുന്ന നിലക്കണ്ണാടികളാണ് ഇത്തരം പഴംപാട്ടുകൾ. മലനാട്ടു മങ്കമാർക്ക് എഴുത്തും എയ്ത്തും ഒരുപോലെ അക്കാലത്ത് അഭ്യസിപ്പിച്ചുവന്നിരുന്നു. കച്ചകെട്ടും കളരിപ്പയററും കഴിക്കാത്ത തറയോ തറവാടോ അന്നില്ല. വിദ്യാലയങ്ങളിൽനിന്ന് ഇപ്പോൾ വാർത്തുവിടുന്ന യുവതീയുവാക്കളെപ്പോലെ ജീവരക്തം അരിച്ചെടുത്തു വിളറിവിവശരായി നാട്ടിനും വീട്ടിനും കൊള്ളാത്ത കൂട്ടത്തിലല്ലായിരുന്നു ഒരു ഉണ്ണിയാർച്ചയോ ഒരു ആരോമൽചേകവരോ. നമ്മുടെ നാട്ടിലെ ഈ വക വീരചരിതഗാനങ്ങൾ കേൾക്കുമ്പോൾ രാജസ്ഥാനത്തിലെ രാജന്യരമണിമാരുടേയും രണശൂരന്മാരുടേയും സ്മരണയാണെനിക്കുണ്ടാവുന്നതു്. അത്രയ്ക്കടുപ്പമുണ്ടു് അവരുടേയും ഇവരുടേയും അപദാനങ്ങൾക്ക്.

പറന്നുവെട്ടുന്ന പഴംപയററു
മറന്നുപോയോ മലയാളനാടേ?

എന്നു വിഷാദിപ്പാനാണു ഇയ്യുള്ളവനു് ഇന്നത്തെ നില കണ്ടു തോന്നുന്നതു്.

പയററുമുറ പരിശീലിച്ച് മെയ്യൊതുക്കവും മെയ്യഴകും നേടിയ ഒരു പ്രാചീന മലയാളിസ്ത്രീയുടെ അകൃ

ത്രിമചിത്രമാണ് നമ്മുടെ മാതു. ആലിമൂപ്പൻ, ആശയ്ക്കു വശംവദയാക്കാമെന്നു കരുതിയതു് ഒരു കേഴമാൻപേടയേയല്ല, വീരസിംഹിയെയായിരുന്നു. കാമകോമരമായ ആലിയുടെ ആളോട്ടം വാളോട്ടം ഒററയ്ക്കു തട്ടും തടവുമായ് പൊരുതു നില്പാനുള്ള വിരുതും വിവേകവും നമ്മുടെ നായികയ്ക്കുണ്ടായിരുന്നു. ഇരിയ്ക്കുന്ന മണ്ണും കുടിക്കുന്ന വെള്ളവും ആലിമൂപ്പൻെറ ആയ നിലയ്ക്കു "ഒരിക്കലൊക്കെ അതു ചേരും പെണ്ണേ" എന്നുപദേശിക്കാൻ മടിയില്ലാത്ത എഴുത്താശാൻേറയും പയററാശാൻേറയും മനസ്ഥിതിയെ—അടിമത്തബുദ്ധിയെ—പരിശോധിക്കുന്ന പക്ഷം അക്കാലത്തു ജന്മികൾ കുടിയാന്മാരുടെ മേൽ ചെലുത്തിയിരുന്ന ചെങ്കോലിൻെറ കടുപ്പമേതാണ്ടു് ഊഹിക്കാം. മന്ദത്തു് കൃഷ്ണൻനായരവർകളെ അവരുടെ സന്താനപരമ്പരകൾ അഞ്ജലികൂപ്പിത്തൊഴുകതന്നെവേണം. അസ്വാതന്ത്ര്യതയുടേയും അധികാര ഗൌരവത്തിൻേറയും നാരായവേരിലാണ് ആ സുഗൃഹീതനാമാവു് കോടാലി പ്രയോഗിച്ചതു്.

കുടിയായ്മയുടെ പാരതന്ത്ര്യത്തെപ്പേടിച്ചും 'ക്ലൂരായ'ത്തിൻ മണിനാദത്തിൽ മയങ്ങിയും മകളെക്കൂടി കുമാർഗ്ഗത്തിൽ പെടുത്താൻ നോക്കിയ കുലടയായ 'മുത്തശ്ശി'യുടെ നേർപകർപ്പുകൾ ഇന്നും ഇല്ലെന്നില്ല. പണത്തിനോ പ്രാബല്യത്തിനോ പാതിവ്രത്യത്തിൻേറ നേരെ ചളിവാരിയെറിയാൻ സാധിക്കയില്ലെന്നു ആ സാധ്വി കേരളീയ

1092

സോദരികളെപ്പഠിപ്പിക്കുന്നു. സർവ്വഗുണസമ്പന്നയായ ഒരു സ്വാഭാവികസൃഷ്ടി! അധർമ്മത്തിന്നു അപജയം നിശ്ചയമാണെന്നു ആലിയുടേയും അമ്മയുടേയും ദുഃഖപര്യ്യവസാനം വിളിച്ചുപറയുന്നു.

അലങ്കാരങ്ങൾകൊണ്ടു് അലങ്കോലപ്പെടുത്തിയിട്ടില്ല; വളച്ചുകെട്ടിയ വാക്യരചനയില്ല. ഈ ഗ്രാമീണകവിയുടെ ഗാനകാവ്യത്തിന്നു ഓജസ്സും ഒഴുക്കും വേണ്ടപോലെയുണ്ടു്. ഇങ്ങിനെയുള്ള ദേശീയ ഗാനങ്ങൾ ദേശാഭിമാനത്തെ ഉദ്ദീപിപ്പിക്കുന്നവയാണു്. ഇവയെ ചിതലിന്റെ മുതലോ, പാററയുടെ തീററയോ ആകാതെ തേടിപ്പിടിച്ചു തെററുതീർത്തു വിമർശനരീതിയിൽ വെളിക്കു വിടാനുത്സാഹിക്കുന്ന ഈ യുവസാഹിത്യകാരന്റെ ശ്രമങ്ങളെ അത്യന്തം അഭിനന്ദിക്കുന്നു.

സാഹിതീസദനം,
പാലക്കാട്ടു്
1st Oct. 26

പള്ളത്തു് രാമൻ.

# ഒരു ധീരവനിത

പുരാതനകാലത്തെ ഈഴവരുടെ ഐശ്വര്യപരാക്രമങ്ങളേയും ജീവിതരീതിയേയും കാണിക്കുന്ന അനേകം ചരിത്രകഥകളിൽ വെച്ച് താരതമ്യേന നിസ്സാരമായ സ്ഥാനത്തെ അർഹിക്കുന്ന ഒന്നാണ് 'മാതുല്ലോർവീട്ടിലെ മാതുക്കുട്ടി' എന്ന ഈ കഥ. മാതുക്കുട്ടി കോമളാംഗിയും യൗവനയുക്തയുമായ ഒരു പെൺകിടാവായ് വളർന്നു

വരുന്ന സമയത്തെ ഒരു സംഭവമാണ് ഇവിടെ പ്രസ്താവിക്കുവാൻ പോകുന്നത്.

അന്നത്തെ നാട്ടുമര്യാദയും വീട്ടുമര്യാദയും അനുസരിച്ച് മാതുക്കുട്ടി എഴുത്തിന്നും 'പയററി'ന്നും പോകുന്ന കാലമാണിത്. യൌവനയുക്തയായിട്ടും വിദ്യാഭ്യാസം ചെയ്യുന്നതിന്നു മാതുക്കുട്ടിയെ അയച്ചിരുന്നതിൽനിന്നു അന്നത്തെ ചേകവർ അഥവാ ഈഴവർ വിദ്യാഭ്യാസത്തിൽ കാണിച്ചിരുന്ന അഭിരുചിയും ഉത്സാഹവും എത്രയാണെന്നൂഹിക്കാമല്ലോ. പലേവിധ സൌകര്യങ്ങളും ഒത്തുചേൎന്നിട്ടുള്ള ഈ പരിഷ്കൃത നൂററാണ്ടിൽപോലും ഈഴവർ തങ്ങളുടെ കുട്ടികളെ പ്രത്യേകിച്ച് പെൺകുട്ടികളെ വേണ്ടുവോളം വിദ്യാഭ്യാസം ചെയ്യിക്കുവാൻ കാണിക്കുന്ന വിമുഖത ഓൎത്താൽ ഈഴവസമുദായത്തിന്നു ആത്മീയവും ലൌകികവുമായ എന്തൊരധഃപതനമാണ് ഇടക്കാലത്തു വന്നുചേൎന്നിട്ടുള്ളതെന്ന് ഓൎക്കുവാൻകൂടി വയ്യാ.

മാനസികവും കായികവുമായ വിദ്യാഭ്യാസം അന്നു നൽകി വന്നിരുന്നതിനാൽ ചൊടിയും ചുണയുമുള്ള അനേകം യുവാക്കളേയും യുവതികളേയും കാണുന്നതിന്നു വിഷമമുണ്ടായിരുന്നില്ല. പയററുകളരികളിലും എഴുത്തുപള്ളികളിലും ആൺകുട്ടികളെപ്പോലെ പെൺകുട്ടികളും പഠിച്ചുവന്നിരുന്നു. "മല്ലാരിപ്രിയയായ ഭാമ

സമരം ചെയ്തിലയോ തേർതെളിച്ചില്ലേ പണ്ടു സുഭദ്ര", എന്നും മററും ഏതോ ഒരു യുഗത്തിലെ ചില സ്ത്രീരത്ന ങ്ങൾ ചെയ്ത ധീരകൃത്യങ്ങളെ മാത്രം പാടി 'ബലേ ഭേഷ്' എന്നു പറഞ്ഞു തലകുലുക്കുന്ന കേരളീയസ്ത്രീസമുദായം നമ്മുടെ ഈ കേരളത്തിൽതന്നെ ഈ കലിയുഗത്തിൽ ഏതാനും തലമുറകൾക്കുമുമ്പ് അവരുടെ ചില സഹോ ദരികൾ ചെയ്ത ഉചിതകൃത്യങ്ങളെക്കുറിച്ചുള്ള ചില 'നാടൻ കവനങ്ങൾ' വായിക്കുകയോ വല്ലവരും അവ യെപ്പററി എന്തെങ്കിലും പറയുന്നതായാൽ അതിനെ ശ്രദ്ധിക്കുകയോ ചെയ്യാത്തതാണ് ശോചനീയമായിട്ടു ള്ളത്. 'പരിഷ്കൃത' ജനങ്ങൾക്കു ദ്രാവിഡവൃത്തങ്ങളും 'നാടൻ കവന'ങ്ങളും വായിക്കുന്നതു കുറെ 'അങ്ങിനെ' യാണെന്നു് ഒരു തെററിദ്ധാരണ കുറച്ചുകാലം മുമ്പുവരെ പ്രബലപ്പെട്ടിരുന്നതിന്നു്, ഇപ്പോഴത്തെ പല 'മഹാ കവി'കളും ആ വൃത്തങ്ങളിൽ കവിത എഴുതുവാനും മററും തുടങ്ങിയതോടുകൂടി, ഒരു മാററം വന്നു കാണുന്നതു് ആശ്വാസജനകംതന്നെ. 'പഴയതു്' എന്ന ഒരു കുററ ത്താൽ മാത്രം ഒന്നിനെ നിഷ്ഠാസനം ചെയ്യുന്നതു ശരി യല്ല. പഴയതായാലും അതിൽ നല്ലതുണ്ടോ എന്നറി ഞ്ഞശേഷം മാത്രമേ അതിനെ തള്ളിക്കളവാനൊ പു ച്ഛിക്കുവാനൊ പാടുള്ളു എന്നാണെനിക്കു തോന്നുന്നതു്.

മുമ്പു പ്രസ്താവിച്ചപോലെ മാതുക്കുട്ടി എഴുത്തുപള്ളി യിലേക്കു പോകുന്ന അവസരത്തിൽ ഉണ്ടായ സംഭവത്തെ

അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ഒരു പാട്ടാണിതു്. സാമാന്യം നിലത്തെഴുത്തുമാത്രം പഠിച്ചിട്ടുള്ള ആളുകൾക്കു പോലും വായിച്ചാൽ മനസ്സിലാകുന്ന ഭാഷയിലാണ് ഇതെഴുതിയിരിക്കുന്നതു്.

മാത്തുല്ലോർ വീട്ടിലെ മാത്തുക്കുട്ടി
എഴുതാനായ് പോവാനും യാത്രയായി
പല്ലുമേ തേച്ചു മുഖം കഴുകി
പൊടിയരിക്കഞ്ഞി കുടിച്ചു പെണ്ണു്
വെററിലച്ചെല്ലവും കൊണ്ടുവെച്ചു
വെററിലമുറുക്കും കഴിഞ്ഞു മാത്തു
ഒന്നു മുറുക്കാനും കൈപിടിച്ചു
കുഞ്ഞിക്കുടയും തൻ ഗ്രന്ഥക്കെട്ടും
"എഴുത്താണി" കൂടിയെടുത്തുപെണ്ണു്
എഴുതാനായ് പോകുന്നു മാത്തുക്കുട്ടി.

പുരാതനകാലത്തെ എഴുത്തുപള്ളിയിലേക്കുള്ള ഒരു യാത്രയാണ് മേൽക്കാണുന്നതു്. വെററില മുറുക്കും കഴിഞ്ഞിട്ടാണ് എഴുതാനുള്ള പുറപ്പാടു്. ഇതു് അന്നത്തെ നാട്ടുനടപ്പുപ്രകാരം യൌവനയുക്തരായ പുരുഷന്മാരും സ്ത്രീകളും സാധാരണയായി ഉപയോഗിച്ചിരുന്നതാണ്. അല്ലാതെ ഇന്നത്തെ പരിഷ്കാരചിഹ്നമായി സ്കൂൾകുട്ടികൾ ഉപയോഗിച്ചുവരുന്ന ബീഡി, പൊടി, സിഗരററ് മുതലായതുകളെ അനുസരിച്ചായിരുന്നില്ല. കുഞ്ഞിക്കുട ഓലക്കുടതന്നെ. ഗ്രന്ഥക്കെട്ടും എഴുത്താണി

യും എഴുത്തുപള്ളിയിലേക്ക് ഒഴിച്ചുകൂടാത്ത ഉപകരണങ്ങളുമാണല്ലോ.

"പടിയും പടിപ്പുര ഇടകടന്നു
ഇത്തിരിവഴിയങ്ങു തെററിപ്പോയി
കോട്ടക്കൽ മൂപ്പൻവഴിയേക്കൂടി
അതുതാനെ കാണുന്നു മൂപ്പനല്ലോ
ഒന്നുണ്ടു കേൾക്കേണം ജോനകരേ,
ആപ്പോകും പെണ്ണവൾ ഏതാകുന്നു?
ഏതേതു മനയ്ക്കലെ എഴുന്നള്ളത്ത്?
അപ്പോൾ പറയുന്നു ജോനകരും
മനക്കലെ എഴുന്നള്ളത്തല്ലയത്തു്
'മാതുല്ലോർ വീട്ടിലെ മാതുക്കുട്ടി'
ഈഴോക്കലത്തിലെ തങ്കക്കട്ട
എഴുതാനായ് പോകുന്ന പോക്കല്ലാണ്
അപ്പോൾ പറയുന്നു ആലിമൂപ്പൻ
ഒന്നിണ്ടു കേററക്കെടോ ജോനകരെ,
അവളോടിവിടെ വരാൻ പറയൂ
ഓടുന്നു മണ്ടുന്നു ജോനകരും
മാതുൻെറ മുമ്പോക്ക തടുക്കുന്നുണ്ടു്.
ഒന്നുണ്ടു കേൾക്കടീ മാതുക്കുട്ടീ
നിന്നോടവിടേക്ക ചെല്ലാനായി
കോട്ടക്കൽ മൂപ്പൻ പറഞ്ഞു പെണ്ണേ."

എഴുത്തുപള്ളിയിലേക്ക ധൃതിയോടുകൂടി പോകുമ്പോൾ ഒരു ഇടവഴിയൊ മററൊ തെററി എങ്കിലും

പിന്നോട്ടു പോകാതെ വേഗത്തിൽ ആ വഴിയെത്തന്നെ മാത്തുക്കുട്ടി എഴുത്തുപള്ളിയിലേക്കു പോകുന്നു. ആ വഴിയരികിലാണു കോട്ടയ്ക്കൽ ആലിമൂപ്പൻ എന്ന ജോനകപ്രമാണിയുടെ വീട്ട്. ആലിമൂപ്പനാണെങ്കിൽ സ്ഥലത്തെ ജന്മിയും ഒരു പെൺകൊതിയനും സുന്ദരാംഗികളുടെ ചാരിത്രഭംഗം ചെയ്യാൻ മടിയില്ലാത്തവനുമായ ഒരു വിടപ്രമാണിയായിരുന്നു. ആ വഴിയേ പോകുന്ന മാത്തുക്കുട്ടിയെ ആലിമൂപ്പൻ കാണുന്നു. മാത്തുക്കുട്ടിയാണെങ്കിലോ അതിസുന്ദരി. അവളുടെ സൌന്ദര്യത്തെ വർണ്ണിക്കുന്നതിനു നമ്മുടെ കവി 'ഏതേതു മനസ്സുലെ എഴുന്നള്ളത്ത്' എന്ന ഒരു വാക്യം മാത്രമാണ് ഉപയോഗിക്കുന്നതു്. ആലിമൂപ്പൻ ഇങ്ങിനെ പറയുന്ന സ്ഥിതിക്ക് അവളുടെ സൌന്ദര്യം എത്രയുണ്ടെന്നനുമാനിക്കുവാൻ വായനക്കാർക്കു സ്വാതന്ത്ര്യം കൊടുത്ത കവിക്കിതാ ഒരു നമസ്കാരം! ഇന്നത്തെ ചില കവികളെപ്പോലെ എവിടെയെങ്ങാനും നില്ക്കുന്ന ചന്ദ്രനേയും താമരപ്പൂവിനേയും മററും പിടിച്ചുവലിച്ചു കൊണ്ടുവന്ന് അവയെ വെറുതെ ബുദ്ധിമുട്ടിക്കാനും സുന്ദരികളായ യുവതികളെ വായനക്കാരുടെ മുമ്പാകെ നഗ്നരൂപകളാക്കി നിർത്തുവാനും ഒരുങ്ങാത്ത കവിയെ പ്രശംസിക്കതന്നെ വേണം.

സേവകരായ ജോനകരിൽനിന്നു സകല വിവരവും അറിഞ്ഞ ആലിമൂപ്പൻ മാത്തുക്കുട്ടിയെ പിടിക്കുവാൻ കല്പന കൊടുക്കുന്നു. ജോനകർ ഓടി മാത്തുക്കുട്ടിയുടെ മുമ്പിൽ വന്നു മൂപ്പൻെറ കല്പന അറിയിക്കുന്നു.

 1092

ഇവിടെനിന്നാണ് നാം മാതുക്കുട്ടിയുടെ ചൊടിയും ചുണ്ണയും കണ്ടുതുടങ്ങുന്നത്.

"അപ്പോഠം പറയുന്നു മാതുക്കുട്ടി
എന്തിന്നു എന്നെ തടുക്കുന്നോടോ
എനിക്കുമേ പോകേണ്ട കായ്യമില്ല
ഞാനായിട്ടാക്കൊന്നും കൊടുക്കാനില്ല
എനിക്കായിട്ടാരും തരാനുമില്ല
അതുതാനെ കേഠക്കുന്നു ജോനകരും
മൂപ്പൻെറ കല്പന കേട്ടുപൊക്കോ
അപ്പോഠം പറയുന്നു ജോനകരും
വെററില മുറുക്കീട്ടും പോരാം മാതു
വെററില മുറുക്കി ഞാൻ പോന്നിട്ടുണ്ട്
ഒന്നു മുറുക്കാനും കയ്യിലുണ്ട്
അതുതാനെ കേഠക്കുന്നു ജോനകരും
ചെന്തെങ്ങിളനീർ കുടിച്ചുപോരാം
ചെന്തെങ്ങിളനീർ കുടിച്ചോളാണ്
കോട്ടപ്പുണികണ്ടു പോരാം മാതു
കോട്ടപ്പുണി ഞാനും കണ്ടിട്ടുണ്ട്
പോരുമ്പോഠം പതിനാറു കെട്ടിപ്പോരാം
പതിനാറു ഞാനുമേ കെട്ട്യോളാണ്ടോ
ഇവയൊക്കെ കേഠക്കുന്നു ആലിമൂപ്പൻ"

ജോനകർ വന്നു തടുത്തപ്പോഠം മാതുക്കുട്ടി ഒട്ടും ഭയപ്പെടാതെ അവരെ മടക്കുന്നതു് എത്ര ധീരതയോടെയാ

ണ്ണെന്നു നോക്കുക. പിന്നെ ജോനകർ എടുക്കുന്ന നയോപായങ്ങളാം ബഹു ചതുരംതന്നെ. ഇവകൊണ്ടുണ്ടോ നമ്മുടെ മാതുക്കുട്ടി ഇളകാൻ പോകുന്നു? പഠിച്ച പണി പതിനെട്ടും എടുത്തിട്ടും മാതുക്കുട്ടി ഇളകുന്നില്ലെന്നു കണ്ട പ്പോൾ മൂപ്പൻതന്നെ പടിക്കലേക്കു വരുന്നുണ്ട്.

വേഗം വരുന്നിതു മൂപ്പനല്ലോ
ചുററും വളയുന്നു ജോനകരും
പടിയിന്മേൽ കേറിയിരുന്നു മൂപ്പൻ
അപ്പോൾ പറയുന്നു മാതുക്കുട്ടി
ഞാനങ്ങു പോകട്ടെ ആലിമൂപ്പാ!
അപ്പോൾ പറയുന്നു ആലിമൂപ്പൻ
പടിനൂണ്ടു പൊക്കടി മാതുക്കുട്ടി
അതുതാനെ കേൾക്കുന്നു മാതുക്കുട്ടി
എൻറച്ഛൻ മുത്തച്ഛൻ കാർന്നവര്
ജോനോരു കാക്കുട് നൂണ്ടിട്ടില്ല
ആ അച്ഛൻ മകളതു ഞാനാണെങ്കിൽ
കാക്കുട്ടു നൂഴാതെ പോകും ഞാനും

മൂപ്പൻ എത്തിയപ്പോൾ അകലെ നിന്നിരുന്ന ജോനകർ ചൊടിയോടുകൂടി മാതുക്കുട്ടിയുടെ അടുക്കൽ വന്നു വളഞ്ഞു. മൂപ്പൻ പടിയിന്മേലും കയറി അഹംഭാവത്തോടു കൂടി ഇരുന്നു പടിനൂണു പോകുന്നതിന്നു മാതുക്കുട്ടിക്കനുവാദവും കൊടുത്തു. ഇതു കേട്ടപ്പോൾ മാതുക്കുട്ടിയുടെ ശൌര്യവും ആത്മാഭിമാനവും പ്രകാശിച്ചു. അവൾ അവളുടെ

കുടുംബപാരമ്പര്യത്തേയും മഹിമയേയും പററി നല്ലവണ്ണം പ്രസ്താവിക്കാതെയിരുന്നില്ല.

അത്തുതാനെ കേഠംക്കുന്നു ആലിമൂപ്പൻ
എന്നുടെ അരിതിന്നും കയ്യന്മാരെ
നായിൻെറ മോളെ പിടിക്ക വേഗം
അത്തുതാനെ കേട്ടത്തു ജോനകരും
ചുററും വളഞ്ഞങ്ങടുത്തുചെന്നു
പേടിച്ചിട്ടാരും തൊടുന്നുമില്ല.

മാത്തുക്കുട്ടിയുടെ പുച്ഛരസത്തോടുകൂടിയ മറുപടി കേട്ടപ്പോഠം ആലിമൂപ്പനു കോപം സഹിച്ചില്ല. സേവകരായ ജോനകരോടു 'നായിൻെറ മോളെ' പിടിക്കുവാൻ കല്പിച്ചു. എങ്കിലും അവർ ധൈര്യമില്ലാതെ പിൻമാറുകയാണു ചെയ്തതു്. അത്രയ്ക്കുണ്ടു് മാത്തുക്കുട്ടിയുടെ ധൈര്യവും ശൌര്യവും. ഇതു വെറും അതിശയോക്തിയാണെന്നു് ആരും സംശയിക്കേണ്ട.

പന്നിച്ചടക്കത്തിൽ നിന്നു മാത്തു
എടവും വലവും മറിഞ്ഞുനിന്നു
അഭ്യാസം പലതങ്ങു കാണിക്കുന്നു
പേടിച്ചൊഴിയുന്നു ജോനകരും
അപ്പോഠം പറയുന്നു ആലിമൂപ്പൻ
പാരം പടച്ചോനെ തമ്പുരാനേ!
നായിൻെറ മോളെ പിടിക്കുവാനും

എന്തൊരുപായം കഴിവുവേണ്ടു!
ഓൎത്തു പറയുന്നു ആലിമൂപ്പൻ
ഒന്നുണ്ടു കേൾക്കടോ ജോനകരേ
ചത്ത ശവംതന്നെ തൊട്ടാൽ മതി.

'നായിൻെറ മോളെ' ധീരവീരന്മാരായ തൻെറ സേവകരെക്കൊണ്ടു പിടിക്കുന്നതിന്നു സാദ്ധ്യമല്ലെന്നു് ആലിമൂപ്പൻ കണ്ടു. അപ്പോൾ അവളെ കൊന്നിട്ടു ശവമെങ്കിലും കിട്ടിയാൽ മതി എന്നായി ആലിമൂപ്പൻെറ സ്ഥിതി. നോക്കുക! എത്ര കാമാന്ധനായിട്ടാണ് ആലിമൂപ്പൻ ഇരിക്കുന്നതു്!

ഇരുമ്പെട്ട്യാൻ തോക്കിങ്ങു കൊണ്ടുവാടോ
ഇരുമ്പെട്ട്യാൻ തോക്കിങ്ങെടുക്കുന്നുണ്ടു്
മൂപ്പൻെറ കയ്യിൽ കൊടുക്കുന്നുണ്ടു്
കുറിമാനം തൊട്ടൊരു വെടികൊടുത്തു
കുഞ്ഞിക്കുടകൊണ്ടു തടുത്തു മാത്തു
അതുതാനെ കാണുന്നു മൂപ്പനല്ലോ
കൊണ്ടില്ല കൊണ്ടില്ല ജോനകരേ!
കുഞ്ഞിക്കുടകൊണ്ടു തടുത്തു കള്ളി
ചെമ്പട്ട്യാൻ തോക്കിങ്ങെടുക്കനെടോ
ചെമ്പട്ട്യാൻ തോക്കിങ്ങെടുക്കുന്നുണ്ടു്
മൂപ്പൻെറ കയ്യിൽ കൊടുക്കുന്നുണ്ടു്
കുറിമാനം തൊട്ടൊരു വെടികൊടുത്തു
ഗ്രന്ഥക്കെട്ടുകൊണ്ടു തടുത്തുപെണ്ണു്

അപ്പോൾ പറയുന്നു ആലിമൂപ്പൻ
പാരം പടച്ചോനെ തമ്പുരാനേ!
ഇനിയെന്തുപായം കഴിവുവേണ്ടു
പൊമ്പൊട്ട്യാൻ തോക്കിങ്ങെടുക്കനെടോ
മൂപ്പൻെറ കയ്യിൽ കൊടുത്തു തോക്ക്
കുറിമാനം തൊട്ടൊരു വെടികൊടുത്തു
എഴുത്താണികൊണ്ടു തടുത്തുപെണ്ണ്.

ജീവനോടുകൂടി മാതുവിനെ ഒന്നു തൊടുന്നതിന്നു നിവൃത്തിയില്ലെന്നു കണ്ടപ്പോൾ ആലിമൂപ്പൻ തോക്കെടുത്തു വെടിവെക്കുവാൻ ആരംഭിച്ചു. ആദ്യത്തെ വെടി, പയററുവിദ്യകൾ അഭ്യസിച്ചിരുന്ന അവൾ, കുടകൊണ്ടും രണ്ടാമത്തെ വെടി ഗ്രന്ഥക്കെട്ടുകൊണ്ടും മൂന്നാമത്തേത് എഴുത്താണികൊണ്ടും തടുത്തു. ഇങ്ങനെ മൂന്നു വെടിയും പററാതെ പോയപ്പോൾ മൂപ്പനുണ്ടായ അരിശം ചില്ലറയൊന്നുമല്ല.

അതുതാനെ കാണുന്നു മൂപ്പനല്ലോ
കൊണ്ടില്ല, കൊണ്ടില്ല, ജോനകരേ!
ഇനിയെന്തുപായം കൈവന്നിടേണ്ടു
അപ്പോൾ പറയുന്നു മൂപ്പനല്ലോ
എന്നുടെ അരിതിന്നും കയ്യന്മാരേ.
നായിൻെറ മോളെ പിടിയ്ക്കുവേഗം
അതുതാനെ കേൾക്കുന്നു ജോനകരും
ജോനോരു വന്നു വളയുന്നുണ്ട്

ചുറവും വളഞ്ഞതങ്ങടുത്തുചെന്നു
മാതുൻെറയരികത്തു ചെല്ലുന്നുണ്ടു്.

മൂപ്പൻ അരിശം സഹിക്കാതെ സേവകരെ ശകാരിക്കയും നിർബ്ബന്ധിക്കയും ചെയ്യതിനാൽ അവർ മാതുവിനെ വീണ്ടും വന്നു വളഞ്ഞു.

പന്നിച്ചടക്കത്തിൽ നിന്നു പെണ്ണു്
ഈരടി പിന്നോക്കം വാങ്ങിനിന്നു
മൂവടി മുമ്പോക്കം ചോടുവെച്ചു
മൂപ്പനെ എടുത്തങ്ങു ചാടി പെണ്ണു്
അവളുടെ കാലിൻ വിരലുകൊണ്ടു്
മൂപ്പൻെറ മുന്നിലെ പല്ലുംപോയി
ചോരയും തുപ്പീട്ടെണീററു മൂപ്പൻ

എത്ര ഹൃദയംഗമമായ വർണ്ണന! മാതുക്കുട്ടിയുടെ പന്നിച്ചടക്കത്തിലുള്ള നിൽപ്പും മൂവടി മുന്നോക്കം ചോടുവെച്ചുള്ള ചാട്ടവും നമുക്കു പ്രത്യക്ഷത്തിൽ കാണാം. ആ ചാട്ടത്തിൽ മാതുക്കുട്ടിയുടെ കാൽവിരൽകൊണ്ടു മൂപ്പൻെറ പല്ലു തെറിച്ചു ചോര വരുന്നതു കണ്ടിട്ടു ചിരിക്കാതെ ഇരിക്കുവാൻ ഏതു സഹൃദയനാണ് സാധിക്കുക! ഹാ! കൃത്രിമമായ അലങ്കാരങ്ങളും ഉപമകളും കൂടാതെ നാടൻ ഭാഷയിൽ എത്ര സ്വാഭാവികമായിട്ടാണ് ഇതു വർണ്ണിച്ചിരിക്കുന്നതെന്നു നോക്കുക!

തലയും കീഴിട്ടിങ്ങു പോരുന്നുണ്ടു്
തന്നുടെ വീട്ടിലും വന്നു മൂപ്പൻ
മച്ചറ വാതിലും താഴ്ത്തുറന്നു
കെട്ടിച്ച പറയുമെടുത്തുവെച്ചു
ഒരുപറ 'കൂരായ'മളന്നെടുത്തു
പട്ടിൽ പൊതിഞ്ഞതങ്ങു കെട്ടി മൂപ്പൻ
മാറാപ്പെടുക്കുന്നു മൂപ്പനല്ലോ
മാത്തുന്റെ വീട്ടിലും ചെന്നുകേറി
മാത്തുന്റെ അമ്മയെ വിളിക്കുന്നുണ്ടു്.

ആലിമൂപ്പൻ ഇളിഭ്യനായി വീട്ടിൽ വന്നു കയറി തന്റെ ആഗ്രഹം സാധിക്കാനായി ഒരു സൂത്രം പ്രയോഗിക്കുന്നു. കൂരായം എന്നതു് അക്കാലത്തെ ഒരു നാണ്യമാണു്. പണംകൊണ്ടു തന്റെ കാര്യം സാധിക്കാമെന്നുറച്ചു് ഒരു പറ കൂരായവുമെടുത്തു മൂപ്പൻ മാത്തുവിന്റെ വീട്ടിലേക്കു പുറപ്പെട്ടു. മാത്തുവിന്റെ അമ്മയെ വിളിച്ചു പറയുന്നു:—

എനിക്കൊരപമാനം പററിയല്ലോ
എന്തൊരപമാനം പററി മൂപ്പാ?
ഇവിടുന്നു തീർത്താലും തീരുമതു്
ഉള്ള വിവരം പറയുന്നുണ്ടു്
അതുകൊണ്ടും വേണ്ടില്ല മൂപ്പനോടു്
~~മാറാപ്പുതന്നെ കൊടുത്തു~~ മൂപ്പൻ
കൂരായംതന്നെയും കൊണ്ടുവെച്ചു

മാതുൻെറ മുറിയുടെ താക്കോൽക്കൂട്ടം
തപ്പി എടുക്കുന്നു മാതുൻറമ്മ
മാതുൻെറ മുറിയും തുറന്നിതമ്മ
മൂപ്പനെ അകത്തു കടത്തുന്നുണ്ട്
അവിടെയിരുന്നോളൂ മൂപ്പനോട്
വാതിലടച്ചങ്ങു പൂട്ടുന്നുണ്ട്.

മാതുവിൻെറ അമ്മയെ സ്വാധീനിച്ചു തൻെറ കാര്യം സാധിക്കാമെന്നാണ് മൂപ്പൻ തീർച്ചയാക്കിയത്. അ പ്രകാരം മാതുവിൻെറ അമ്മയെ വിളിച്ചു വിവരം പറകയും ഒരു പറ കൂരായം കയ്യിൽ കൊടുക്കയും ചെയ്തപ്പോൾ. 'അതുകൊണ്ടും വേണ്ടില്ല മൂപ്പനോട്' എന്നും പറഞ്ഞു് ആ 'ദുഷ്ട'മാതാവു മാതുവിൻെറ മുറി തുറന്നു് അയാളെ അതിൽ ഇരുത്തി വാതിൽ അടച്ചുപൂട്ടുന്നു.

പണം കണ്ടു് കണ്ണു മഞ്ഞളിച്ചു മതിമറന്നുപോയ എടീ ദുഷ്ടേ! സാധ്വീമണിയും ധൈര്യശാലിനിയുമായ നിൻെറ ഓമനമകളുടെ ചാരിത്രത്തെ ദുഷിപ്പിക്കുവാൻ വന്ന ആ നരാധമനോടുകൂടി ഒത്തുനിന്നു് അവൻെറ കൈവശത്തിൽ മകളെ വിട്ടുകൊടുക്കുവാൻ ഒരുങ്ങിയ എടീ രാക്ഷസീ! നിൻെറ ഈ നീചകൃത്യത്തിനു് എന്തെല്ലാം ശിക്ഷകൾ അനുഭവിച്ചാലാണു് നിൻെറ പാപം തീരുവാൻ പോകുന്നതു്? ആത്മാഭിമാനമില്ലാത്തവളേ! മാനം കലധനമായി കരുതി പണത്തെ പുല്ലുപോലെ വലിച്ചെറിയുന്ന ചേകവരുടെ കുലത്തിനു് ധൂമകേ

 1092

തുവായി പിറന്നവളേ! നിൻെറ ഈ രാക്ഷസകൃത്യത്തിനു നീതന്നെ ഫലം അനുഭവിക്കുവാൻ ദൈവം സംഗതി വരുത്തട്ടെ!!

അവിടന്നു പോരുന്നു മാതുക്കുട്ടി
എഴുത്തുകളരിയിൽ ചെല്ലുന്നുണ്ട്.
അപ്പോൾ ചോദിക്കുന്നു എഴുത്താശാനും
എന്താണ് മാതു! നീ നേരം വൈകി?
അപ്പോൾ പറയുന്നു മാതുക്കുട്ടി
ഇത്തിരി വഴിയങ്ങു തെററിപ്പോയി
കോട്ടയ്ക്കൽ മൂപ്പൻ പടിയേക്കൂടി
കോട്ടയ്ക്കൽ മൂപ്പൻ വളഞ്ഞിതെന്നെ

* * * *

അതുതാനെ കേൾക്കുന്നെഴുത്താശാനും
"അതുകൊണ്ടു വേണ്ടില്ല മാതുക്കുട്ടി
ഒരുനേരമൊക്കേയും ചേരും പെണ്ണേ
ഇരിക്കുന്ന മണ്ണുമവൻെറയല്ലേ?
കുടിക്കുന്ന വെള്ളമവൻേറതല്ലേ?"

മൂപ്പനുമായുള്ള വാഗ്വാദവും 'പനിച്ചടക്ക'ത്തിലുള്ള ചാട്ടവും കഴിഞ്ഞു മാതുക്കുട്ടി നേരെ എഴുത്തുപള്ളിയിലേക്കു ചെല്ലുന്നു. എഴുത്താശാൻ നേരം വൈകിയതിനുള്ള കാരണം ചോദിക്കയും അതിന്നു മാതു വഴിയിലുണ്ടായ സംഭവങ്ങൾ പറയുകയും ചെയ്യുന്നു. ജന്മിയാ

യ ആലിമൂപ്പന്റെ അഭിലാഷത്തിന്ന് അല്പമൊന്ന് അനുകൂലിക്കുന്നതുകൊണ്ടു ദോഷമില്ല എന്നാണ് എഴുത്താശാൻ അഭിപ്രായപ്രകടനം ചെയ്യുന്നത്. ജന്മി ആവശ്യപ്പെടുന്നത് എന്തും അനുസരിക്കുന്നതിന്നു കടപ്പെട്ടവരാണ് കുടിയാന്മാർ എന്ന അടിമ മനസ്ഥിതി (**Slave Mentality**) ക്കാരനായ എഴുത്താശാനെ നല്ല ഒരു പാഠം പുതുതായി പഠിപ്പിക്കുകതന്നെ വേണം. ജന്മിക്കുവേണ്ടി വിലപിടിച്ചതായ ചാരിത്ര്യംകൂടി ബലികഴിയ്ക്കുയെന്നോ? ഇത്തരത്തിലല്ലെങ്കിലും മറെറാരു തരത്തിലുള്ള 'അടിമബുദ്ധികൾ' ഏകാന്തദീപ്തമായ ഇക്കാലത്തുകൂടി ജീവിച്ചിരിക്കുന്നതിലാണ് ആശ്ചര്യപ്പെടേണ്ടത്. നിയമനിർമ്മാണസഭാതിരഞ്ഞെടുപ്പുകളും മററും വരുമ്പോൾ പണക്കാർകൂടി "ഞങ്ങളുടെ ജന്മി വോട്ടാവശ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ടു നിങ്ങൾക്കു തരുവാൻ നിവൃത്തിയില്ല" എന്നു പറഞ്ഞു പൌരാവകാശത്തിന്നും പൊതുജന നന്മയ്ക്കുംവേണ്ടി പൊരുതുവാൻ കച്ചകെട്ടി ഇറങ്ങുന്ന സ്ഥാനാർത്ഥികളെ നിരാശാഭരിതന്മാരാക്കി മടക്കി അയക്കുന്നതു നാം ഇന്നും കാണുന്നില്ലേ!........

അതുതാനേ കേൾക്കുന്നു മാതുക്കുട്ടി
ആണും പെണ്ണുംകെട്ട എഴുത്താശാനേ
നിന്നോടുകൂടിയ എഴുത്തു മതി
എഴുത്തുനിറുത്തിങ്ങു പോന്നു മാതു.

ഇപ്പോഴാണ് മാതുവിന്നു ആശാൻെറ 'ആണും പെണ്ണുംകെട്ട' മനസ്ഥിതി മനസ്സിലാക്കുവാൻ സാധിച്ചതു്. ആശാൻെറ "ഒരുനേരമൊക്കേയും ചേരുംപെണ്ണേ" എന്ന വാക്കു കേട്ടപ്പോൾ മാതുക്കുട്ടിയുടെ രക്തം തിളച്ചു തുടങ്ങി. അവൾക്കു ദ്വേഷ്യം സഹിക്കവഹിയാതെയായിത്തീൎന്നു. എഴുത്തും മതിയാക്കി അവൾ അവിടെനിന്നും വേഗത്തിൽ പുറപ്പെട്ടു. ആശാൻെറ ഭീരുത്വം അവളുടെ മനസ്സിൽ അവജ്ഞ ഉളവാക്കി. അതുകൊണ്ടാണ് അവൾ ആശാൻെറ മറുപടിപോലും കേൾപ്പാൻ നില്ക്കാതെ യാത്രപുറപ്പെട്ടതു്.

'പയററുകളരീ'ലും വന്നു പെണ്ണ്
അപ്പോൾ ചോദിച്ചു പയററാശാനും
"ഇന്നെന്താ മാതു നീ ദ്വേഷ്യത്തോടെ?"
മറേറതുമല്ലെൻെറ പയററാശാനെ
ഞാനിങ്ങ് പോരും വഴിയ്ക്കുതെല്ലു
വഴിയുമെ തെററിയറിഞ്ഞിടാതെ
കോട്ടയ്ക്കൽ മൂപ്പൻ വഴിയിൽചെന്നു
പെട്ടെന്നു മൂപ്പൻ വളഞ്ഞിതെന്നെ

* * * *

"അതുകൊണ്ടും വേണ്ടില്ല മാതുക്കുട്ടി
ഇരിക്കുന്ന മണ്ണുമവൻെറയല്ലേ?
കുടിക്കുന്ന വെള്ളമവൻെറയല്ലേ?
ഒരുനേരമൊക്കെയും ചേരും മാതു."
അതുതാനെ കേൾക്കുന്നു മാതുക്കുട്ടി

അടിമുടിയൊന്നു വിറച്ചു പെണ്ണ്
പൂങ്കവിൾ നന്നായ് ചുവന്നുവല്ലൊ
"ആണും പെണ്ണുംകെട്ട പയററാശാനേ
നിന്നോടുകൂടിയ പയററും മതി
പയററു നിറുത്തിങ്ങു പോന്നു മാത്തു.

മാത്തുക്കുട്ടി നേരെ പയററുകളരിയിലാണ് വന്നു കയ റിയതു്. എഴുത്തുപള്ളിയിലത്തെ സംഭവങ്ങൾ മുഴുവനും പയററുകളരിയിലും ആവത്തിച്ചു എന്നുതന്നെ പറയാം. അക്കാലത്ത് ജന്മിതചത്തോടു ജനങ്ങൾക്കുണ്ടായിരുന്ന ഭയ മാണ് ഇവിടേയും ഇതാവത്തിച്ചതിന്നു കാരണമെന്നു നിഷ്പ്രയാസം മനസ്സിലാക്കാം. ഇതിനെ എതിത്ത് എഴു ത്തും പയററും മതിയാക്കിയ മാത്തുക്കുട്ടി ആദശ്വതിതന്നെ. മാത്തുക്കുട്ടിയുടെ "സഹകരണത്യാഗം" സന്ദഭത്തിന്നു വള രെ യോജിച്ചിരിക്കുന്നു. സചതന്ത്രബുദ്ധികളല്ലാത്ത ഗുരു നാഥന്മാരുടെ വിദ്യ വേണ്ടെന്നുവെച്ച മാത്തുക്കുട്ടിയെ എത്ര സ്തുതിച്ചാലും അധികമായി പോകുന്നതല്ല. അടിമബുദ്ധി കളായ ഗുരുക്കന്മാരുടെ അടുക്കലേക്കു വിദ്യാത്ഥികളെ അ യച്ചു പഠിപ്പിക്കുന്നതിലുള്ള അബദ്ധത്തെപ്പററി ഒരു വലി യ പുസ്തകംതന്നെ എഴുതാവുന്നതാണ്.

അവിടന്നും വേഗം വരുന്നു മാത്തു
മാത്തുല്ലോർ വീട്ടിലും വന്നുകേറി
പെറേറാരമ്മയെ വിളിക്കുന്നുണ്ട്
"ഇവിടെയിന്നാരാനും വന്നോ അമ്മേ?"

 32580

അപ്പോഠം പറയുന്നു അമ്മയല്ലോ
ഇവിടെയിന്നാരുമേ വന്നിട്ടില്ല

മാതുക്കുട്ടി പയററുകളരിയിൽനിന്നും വേഗത്തിൽ മാതുല്ലോർ വീട്ടിലേക്കു വന്നു. ബുദ്ധിശാലിനിയായ അവഠം പലതും അനുമാനിച്ചിട്ടാണ് വീട്ടിൽ കടന്നത്. ആലിമൂപ്പൻ അവിടെ വന്നിട്ടുണ്ടായിരിക്കുമെന്നുള്ള ഉദ്ദേശത്തോടുകൂടി "ആരാനും വന്നോ അമ്മേ" എന്നവഠം ചോദിക്കുന്നു. "ആരുമേ വന്നിട്ടില്ല" എന്നാണ് ആ കുലട മറുപടി പറയുന്നത്.

അപ്പോഠം ചോദിക്കുന്നു മാതുക്കുട്ടി
എന്താണമ്മേയിവിടെ ജോനോച്ചതു്?
നിനക്കുമേ തോന്നുകയാണു മോളെ!
എന്നുടെ മുറിയുടെ താക്കോലെവിടെ?
നീ വെച്ചേടത്തിരിപ്പുണ്ടല്ലോ
താക്കോൽക്കൂട്ടം ചെന്നെടുത്തവളു്
വാതിൽ തുറക്കുന്നു മാതുക്കുട്ടി
വാതിൽ തുറന്നുള്ള നേരത്തല്ലോ
കൈനീട്ടി വരുന്നിതു ആലിമൂപ്പൻ
വാതിലടച്ചങ്ങു പൂട്ടി മാതു
അയ്യോ ചതിച്ചല്ലോ പെറേറാരമ്മേ
ഇച്ചതി നിങ്ങഠം ചതിച്ചപോയോ?

മാതുക്കുട്ടി വന്നവഴിക്ക് അവളുടെ താക്കോൽക്കൂട്ടം എടുത്തു മുറി തുറക്കുന്നു. ഹാ! അവഠം അവിടെ കണ്ട

കാഴ്ച എന്താണ്? ഇങ്ങിനെ ഒരമ്മ ചെയ്യുമെന്ന് ആരെങ്കിലും സ്വപ്നംകൂടി കാണുവാൻ ഇടയുണ്ടോ? മാതുക്കുട്ടിക്ക് അമ്മയോടു വളരെ വെറുപ്പും ദ്വേഷ്യവും മററെന്തോ പലതും തോന്നി.

അവിടന്നും പോരുന്നു മാതുക്കുട്ടി
കിണററിന്നരികത്തും വന്നുനിന്നു
കല്ലൊന്നു തട്ടി കിണററിലിട്ടു
വണ്ണൻവാഴ മറപററി നിന്നു
അകത്തങ്ങിരുന്നിട്ടും കേട്ടിതമ്മ
വേഗത്തിലോടി വരുന്നിതമ്മ
അയ്യോ! ചതിച്ചോ നീ പൊന്മകളേ!
എന്നും പറഞ്ഞു കിണററിൽ ചാടി.

അവരം കിണററിങ്കരെ വന്ന് ഒരു കല്ലെടുത്തു കിണററിലേക്കു തട്ടി ഇട്ടു് വണ്ണൻവാഴയുടെ മറവിൽ നിന്നു. കല്ലു കിണററിൽ വീഴുന്ന ശബ്ദം അകത്തിരുന്ന അമ്മ കേട്ടു. മാതുക്കുട്ടി കിണററിൽ ചാടിയെന്നാണ് അമ്മ ധരിച്ചതു് ആലിമൂപ്പൻെറ പണം കിട്ടിയപ്പോരം ഇങ്ങനെയെല്ലാമാണ് ഭാവി എന്ന് ആ സ്ത്രീ ഓത്തില്ല. തന്നെപ്പോലെതന്നെയുള്ള ഒരു ചപലയാണ് തൻെറ മകളും എന്നാണ് വൃദ്ധ മനസ്സിലാക്കിയിരുന്നതു്. സാധാരണയായി മാതാപിതാക്കന്മാർ തങ്ങളുടെ മക്കളുടെ മനസ്ഥിതിയും മററും ഏതു തരത്തിലുള്ളതാണെന്നു ധരിച്ചിരിക്കുന്ന മാതിരിയിലായിരിക്കയില്ല അവരുടെ യഥാ... മനസ്ഥിതി എന്നു പറയേണ്ടിയിരിക്കുന്നു. മകരം

കിണററിൽ ചാടി എന്നറിഞ്ഞപ്പോഴാണ് വൃദ്ധയുടെ മനസ്സിൽ സ്ത്രീസഹജമായ പുത്രീവാത്സല്യവും, തന്റെ അതിമോഹത്താൽ ഉളവായ അവിവേകത്തെപ്പററിയുള്ള പശ്ചാത്താപവും കടന്നുകൂടിയത്. ഏതായാലും വൃദ്ധ തന്റെ അന്ത്യകാലം ഒരു ഉത്തമമാതാവു ചെയ്യുന്നതു പോലെ സർവ്വസ്വവുമുപേക്ഷിച്ചു കിണററിലേക്കു ചാടി.

അതുതാനെ കേൾക്കുന്നു ആലിമൂപ്പൻ
അയ്യോ! ചതിച്ചോ നായിന്റെ മോളേ!
എന്നും പറയുന്നു ആലിമൂപ്പൻ
പുരയുടെ മോന്തായം പൊളിക്കുന്നുണ്ട്
അവനുമേ വന്നു കിണററിൽ ചാടി.

കിണററിൽ വീണ രണ്ടു ശബ്ദവും അകത്തിരുന്നിരുന്ന കാമപരവശനായ ആലിമൂപ്പൻ കേട്ടു. മാതുക്കുട്ടിയുടെ ശവമെങ്കിലും ഒന്നു പുണരുന്നതിന്നു കൊതിച്ചിരുന്ന ആ വിടപ്രമാണി പുരയുടെ മോന്തായം പൊളിച്ച് ഓടിവന്നു കിണററിലേക്ക് ഒരു ചാട്ടംകൊടുത്തു.



# കെ. ആർ. ഭാസ്കരന്റെ കൃതികൾ.

(Approved by the Cochin, Travancore & Madras Government Text-Book Committees.)

---

ചില അഭിപ്രായങ്ങൾ.

---

## 1. ധീരവനിത. (നാലാംപതിപ്പ്)

'ഗദ്യാനുബന്ധരസമിശ്രിതപദ്യസൂക്തി' യായ ഈ കൊച്ചുപുസ്തകം, ധീരതയും ധീവായ്പും തികഞ്ഞ ആ ചേകവ ബാലികയെപ്പോലെയും, താരും തളിരും ഇട കലൎന്ന പുതുമാലികപോലെയും കേരളാവനിയെ അഭിമാനപ്പെടുത്തുകയും ആനന്ദിപ്പിക്കുകയും ചെയ്യുമാറാകട്ടെ!

സാഹിത്യശിരോമണി, കെ. എം. കുട്ടികൃഷ്ണമാരാർ.

(2) പുരാണകേരളത്തിലെ യഥാൎത്ഥജീവിതത്തിന്റെ ഒരേടിനെയാണ് 'മാത്തുക്കുട്ടി' കുറിക്കുന്നത്. ഈ നിലയിൽ 'മാത്തു'വിന്റെ ചരിതംകൊണ്ടു നമുക്കു അഭിമാനത്തിന്നേ വഴിയുമുള്ളു. ഇത്തരം ഗ്രാമീണകവനങ്ങളെ വിമൎശനരീത്യാ സങ്കലനംചെയ്തു പ്രകാശിപ്പിക്കുന്നതു കേരള ചരിത്രത്തിന്നഭിമാനകരമായ ഒരു സാഹിതീസേവനമാണ്.

മാതൃഭൂമി; കോഴിക്കോട്.

1092

## 2. 'വീരതരുണി. (6-ാംപതിപ്പു്).

(Approved as a Non-detailed Text for
Form II by the Cochin T. B. C.)

ധീരവനിതയുടെ സോദരിയായ 'വീരതരുണി' എന്നെ കണക്കിലധികം ആഹ്ലാദിപ്പിച്ചു. ദേശാഭിമാനത്തിൻെറ കാളം വിളിപോലെയുള്ള ഇത്തരം പഴംപാട്ടുകൾ, മുതുകത്തു മുറിവേററവരെ മുന്നണിയിലേക്കു തള്ളിവിട്ടു ഉയിരും ഉണർച്ചയും കോരിയൊഴിക്കുന്നവയാണു്. നമ്മുടെ മഹാകവിയുടെ ദേശീയകവനങ്ങൾ തളർന്ന ഞരമ്പുകളിൽ എത്രമാത്രം പുതുചൈതന്യം പുലത്തുന്നുണ്ടെന്നു എടുത്തു പറയേണ്ട ആവശ്യമില്ല. ഈ ഗ്രാമീണകവിയുടെ പഴംപാട്ടുകൾക്കോ അതിലും പതിന്മടങ്ങു ഉത്തേജനശക്തിയുണ്ടു്. ശ്രീമാൻ ഭാസ്കരൻെറ ഒഴുക്കും ഓജസ്സുമുള്ള വിമശ് രീതികൊണ്ടു അതിൻെറ ആസ്വാദ്യതക്കു അളവില്ല.

ഇത്തരം സമുദായാഭിമാനപ്രേരിതമായ പരിശ്രമങ്ങളെ, പൌരോഭാഗ്യക്കണ്ണോടെ വെച്ചു നോക്കാറുള്ളവരൊഴികെ, എല്ലാവരും അഭിനന്ദിക്കാതിരിക്കയില്ല.

മഹാകവി പള്ളത്തു് രാമൻ, പാലക്കാട്ടു്.

**2. Mr. K. R. Bhaskaran deserves our special thanks for having brought out one such ballad at least in a fairly proper form with his lucid explanatory notes here and there.**

**The Modern Review; Calcutta.**

**3. Mr. Bhaskaran's attempt will, we are sure, open our eyes to this vast in-exhaustible store.**

**The Hindu, Madras.**

## 3. രാജകേസരി. (മൂന്നാംപതിപ്പ്)

ലളിതമായ ഭാഷയിൽ പ്രബന്ധങ്ങൾ രചിക്കുവാനുള്ള ഒരു പ്രത്യേക വാസന മി: ഭാസ്കരനുണ്ടെന്നു തോന്നുന്നു. വായനക്കാരുടെ ഹൃദയത്തെ ആകർഷിക്കത്തക്കവിധത്തിലുള്ള രചനയാകുന്നു "രാജകേസരി"യുടെ ഏതു ഭാഗത്തും പ്രകാശിച്ചുകാണുന്നതു്. ഗ്രന്ഥം ചെറുതാണെങ്കിലും ഇതിൽ രാജധർമ്മം ഗൃഹസ്ഥധർമ്മം തുടങ്ങിയ ചിന്തനീയങ്ങളായ ധർമ്മതത്വങ്ങൾ വിപുലങ്ങളാണു്.

(നവജീവൻ; ചങ്ങനാശ്ശേരി.)

## 4. ശിവലിംഗസ്വാമികൾ.

സാരള്യലാളിത്യാദികൾ കൊണ്ടു ഈ ഗദ്യ നിബന്ധവും, നിങ്ങളുടെ മുൻ കൃതികളെന്നപോലെ തന്നെ, എന്നെ സന്തോഷിപ്പിക്കുന്നു. നിങ്ങളുടെ സാഹിത്യവിഹാരത്തിന്നു സൌഭാഗ്യം വർദ്ധിക്കട്ടെ!

മഹാകവി വള്ളത്തോൾ.

(2) നിങ്ങളുടെ, അഭിമാനോത്തേജകവും അനുകരണീയവുമായ ഈ പ്രവർത്തിയെ ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു.

സരസകവി മൂലൂർ, എസ്. പത്മനാഭപ്പണിക്കർ.

(3) നിങ്ങളുടെ ഭാഷ വളരെ ലളിതവും എല്ലാവർക്കും ആസ്വദിക്കത്തക്കതുമാണെന്നു ഞാനഭിപ്രായപ്പെട്ടാൽ അതു തന്നെ എൻെറ സാഹിത്യവിമർശനപടുതക്കു തക്കതായ ഒരുദാഹരണമായിരിക്കുന്നതാണല്ലോ.

പുത്തേഴത്തു രാമൻ മേനോൻ, ബി. എ. ബി. എൽ.

## 5. പ്രേമാങ്കുരം.

"വൈദഗ്ദ്ധ്യശാലിയായ 'ദുരവസ്ഥാ' കാവ്യമേ! നിനക്കിതാ ഒരോമനക്കൊച്ചനുജൻ പിറന്നിരിക്കുന്നു"വെന്നാണ് പ്രസ്തുത പുസ്തകത്തിൻെറ അവതാരികയിൽ മഹാകവി വള്ളത്തോൾ പറഞ്ഞിരിക്കുന്നത്........മിശ്രവിവാഹമെന്നു കേൾക്കുമ്പോൾ സാമാന്യജനങ്ങൾക്കൊക്കെയുണ്ടാകുന്ന വെറുപ്പും കുളിരും മാറണമെങ്കിൽ മി. ഭാസ്കരൻെറ 'പ്രേമാങ്കുരം' പോലെയുള്ള പുസ്തകങ്ങൾ തന്നെ വായിക്കണം.

സമത്വവാദി; കൊളമ്പ്.

## 6. ശ്രീനാരായണഗുരുസ്വാമികൾ.

(Non-detailed Text for Form I.)

പരത്തിപ്പറവാനല്ല ചുരുക്കിപ്പറവാനാണ് വിഷമമെന്ന സംഗതി സഹൃദയന്മാർക്കറിയാവുന്നതാണല്ലോ. സ്വാമികളുടെ ഗുണഗണങ്ങളെ ദ്യോതിപ്പിക്കുന്ന ഈ പുസ്തകം വിദ്യാർത്ഥികൾക്കും വിദ്വാന്മാർക്കും ഒരുപോലെ രസാവഹമായിട്ടുള്ളതാകുന്നു. ഇതിൻെറ അവസാനം ചേർത്തിട്ടുള്ള സ്വാമികളുടെ സംഭാഷണങ്ങൾ വായിച്ചാൽ ചിരിക്കാത്തവർ ഉണ്ടാകുമെന്നു തോന്നുന്നതല്ല........സാഹിത്യനഭോമണ്ഡലത്തിൽ ഉദിച്ചുയരുന്ന ഭാസ്കരനാണ് ഈ ചരിത്രത്തിൻെറ കർത്താവായ മി: കെ. ആർ. ഭാസ്കരൻ.

(ലക്ഷ്മീഭായി; തൃശ്ശൂർ.)

## 7. രണ്ടു ധീരാത്മാക്കൾ. (3-ാംപതിപ്പ്)

Extra Reader Form II. (Cochin state)

ലളിതപദങ്ങൾ ഉപയോഗിച്ച്, കൊച്ചുകൊച്ചു വാചകങ്ങളിൽ കാര്യങ്ങൾ ഒതുക്കി പറഞ്ഞുകൊണ്ടുള്ള ശ്രീമാൻ ഭാസ്കരൻെറ പ്രതിപാദനരീതി ബാലികാബാലന്മാക്കു വിശേഷിച്ചു പററിയതാണ്. പുളകോദ്ഗമകാരികളായ സന്ദർഭങ്ങൾ ഭാവനയുടെ യഥോചിതപ്രസരത്താൽ ആകർഷങ്ങളാക്കുവാൻ അദ്ദേഹം ഉത്സാഹിച്ചിട്ടുണ്ട്. പ്രാചീനകേരളത്തിൻെറ അഭിമാനകരമായ ചരിത്രവും വിശേഷിച്ചു പടയാളിത്തലവന്മാരുടെ പരാക്രമപരിപാടികളും ബാലഹൃദയങ്ങളിൽ തറച്ചുകയറത്തക്കവണ്ണം കഥാകഥനത്തെ സരസമാക്കിത്തീക്കുവാൻ അദ്ദേഹത്തിനുള്ള പാടവം കുറച്ചല്ല. ഊറ്റശങ്ങളായ ലഘുപ്രസിദ്ധീകരണങ്ങൾ വഴിയായി കേരളചരിത്രത്തെ ഉദ്ധരിക്കുവാൻ ശ്രീമാൻ ഭാസ്കരൻ സഹിക്കുന്ന ക്ലേശം ബഹുജനങ്ങളുടെ ആദരാഭിനന്ദനങ്ങൾക്കു വേണ്ടപോലെ വിഷയീഭവിക്കുമാറാകട്ടെ.

പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി, എം. എ.

(അവതാരികയിൽ)

## 8. കഥാരത്നമാലിക.

മൂന്നു സഹോദരിമാർ, ഒരു പരിശുദ്ധ രാജ്യം, കൃഷിക്കാരനും ഭൃത്യവും എന്നിങ്ങിനെ മൂന്നു കഥകളാണ് ഇതിൽ അടങ്ങിയിട്ടുള്ളതു്. , ഒന്നാമത്തേതു് പ്രസിദ്ധ ആംഗ്ലേയ കവിയായ ഷെക്സ്പിയർ എഴുതിയ 'കിങ്ങ്ലിയർ' എന്ന നാടകത്തിൻെറ വിവത്തനവും, ശേഷം രണ്ടു കഥകളും സുപ്രസിദ്ധനായ ടോൾസ്റ്റോയിയുടെ കഥകളുടെ തജ്ജിമകളുമാണ്. ലളിതവും സുന്ദരവുമായ ഭാഷയിൽ എഴുതിയിട്ടുള്ള ഈ കഥകൾ വിദ്യാത്ഥികളുടെ

ആവശ്യത്തിന്നു എത്രയും ഉതകുമെന്നാണ് ഞങ്ങളുടെ അഭിപ്രായം. പാശ്ചാത്യഭാഷയിൽനിന്നു വിവൎത്തനം ചെയ്തു മലയാള ഭാഷാ യോഷയെ അലങ്കരിപ്പാനുള്ള മി: ഭാസ്കരൻെറ ഈ പരിശ്രമം എത്രയും അഭിനന്ദനാൎഹമായിട്ടുണ്ട്.

മിതവാദി, കോഴിക്കോട്.

## 9. ബോധാനന്ദസ്വാമികൾ.

"കേവലം ഒരു യതിവൎയ്യൻ എന്ന നിലയിൽ അല്ല, സത്യ ധൎമ്മസ്ഥാപനയ്ക്കു വേണ്ടി ജീവരക്തത്തെ ചൊരിയുവാൻ സന്ന ദ്ധനായ ഒരു യോദ്ധാവെന്ന നിലയിലും ഇദ്ദേഹം പല ഘട്ടങ്ങ ളിലും പ്രത്യക്ഷപ്പെട്ടിട്ടുള്ളതായി ഗ്രന്ഥകാരൻ സമൎത്ഥിച്ചിരിക്കുന്നു. ഒരു നായകൻെറ ജീവചരിത്രം എന്ന അവസ്ഥയെ അതിലംഘിച്ച് ഒരു സമുദായത്തിൻെറ ഉന്നമനചരിത്രം എന്നുള്ള സ്ഥിതിയെ ആണ് ഈ ഗ്രന്ഥം അവലംബിച്ചു കാണുന്നതു്.................... ഈ ഗ്രന്ഥം ഈ സാഹിത്യശാഖയിൽപെട്ട ഇതരപ്രസിദ്ധീകരണങ്ങ ളിൽ സാമാന്യേന കാണാറുള്ള വ്യൎത്ഥാസ്ഥൂലതയിൽനിന്നു അകന്നു "മിതംച സാരം ച വചോഹി വാഗ്മിതാ" എന്ന പ്രധാനപ്പെട്ട പ്രമാണത്തെ ആദൎശമാക്കി രചിക്കപ്പെട്ടിരിക്കുന്നതിനാൽ ഇതിനെ കൈരളിക്ക് ഒരുപഹാരമായും ഉപകാരമായും അംഗീകരിക്കുവാൻ കഴിയുന്നതാണ്."

മലയാളമനോരമ, കോട്ടയം.

## 10. കഥാസൌധം.

ഇന്നു രാത്രി ഒരു മണിക്കു, സുനന്ദയുടെ ബദ്ധൂറവ്, വാഗ്ദ ത്തലംഘനം, നാരങ്ങക്കാരൻ എന്നീ കഥകളാണ് ഇതിലെ ഉള്ള ടക്കം. മനശ്ശാസ്ത്രപരമായ അടിസ്ഥാനത്തിന്മേൽ ഒരു കോടീ

ശൂരനായ നരേന്ദ്രനെ, അയാളാൽ വഞ്ചിക്കപ്പെട്ട കമലം, സ്വയം മരണത്തിന്നിടയാക്കുന്നതാണു് ഇന്നു രാത്രി ഒരു മണിക്കു എന്ന കഥയിലെ ബീജം. സുനന്ദയുടെ ബഡ്ജററ് ഇന്നത്തെ യുവതികളുടെ അനുകരണഭ്രമത്തേയും വരവറിയാതെ ചിലവുചെയ്യുന്നതുകൊണ്ടുള്ള ദോഷങ്ങളേയും ചൂണ്ടിക്കാണിക്കുന്നു. നാരങ്ങക്കാരൻ സമുദായത്തിൻെറ അടിത്തട്ടിൽ കിടന്നു നരകിക്കുന്ന മനുഷ്യപ്പുഴക്കളുടെ യഥാർത്ഥ ദയനീയസ്ഥിതിയെ ചിത്രീകരിക്കുന്ന ഒന്നാണു്. കഥാസൌധത്തിലെ ഭാഷ നിർദ്ദോഷവും ലളിതവും, വായനക്കാരെ ആകർഷിക്കത്തക്കതുമാണെന്നു പറയാം.

സഹോദരൻ, എറണാകുളം.

## 11. ജനകീയമന്ത്രിമാർ.

കൊച്ചിയിലെ ഇപ്പോഴത്തെ നാലു മന്ത്രിമാരായ ശ്രീമാന്മാർ കെ. അയ്യപ്പൻ, ടി. കെ. നായർ, സി. ആർ. ഇയ്യുണ്ണി, പനമ്പിള്ളി ഗോവിന്ദമേനോൻ എന്നിവരുടെ പൊതുജീവിതത്തിലെ നേട്ടങ്ങളെ ഏറെക്കുറെ വിവരിച്ചുകൊണ്ടുള്ള ഈ പ്രസിദ്ധീകരണം സന്ദർഭോചിതമായിട്ടുണ്ടു്.

ജന്മഭൂമി; തൃശ്ശൂർ.

## 12. ആചാരമര്യാദകൾ.

The book contains 14 essays contributed by the author to various Malayalam Journals on the subject of Etiquette. It will be found helpful in regulating our social conduct in private and in public.

The Hindu, Madras.

KOTTAYAM PUBLIC LIBRARY
JAWAHAR BALBHAVAN & CHILDREN'S LIBRARY
KOTTAYAM.

Cl. No. MF3 Acc. No. 1092

This book should be returned on or before the date last stamped below.

23 IIII 1990

1092

MF3

മാതൃക്കുട്ടി

ഒരു ധീരവനിത

1092